## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 2252 — 11.06.2018 — ൽ മറുപടിക്

# ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകട

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.റോഷി അഗസ്റ്റിൻ**<br>**,, പി.ജെ.ജോസഫ്**<br>**,, മോൻസ് ജോസഫ്**<br>**ഡോ.എൻ. ജയരാജ് :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) | ആദിവാസി ഊരുകളിലേക്ക് സഞ്ചരിക്കുന്ന റേഷൻകട എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) യും (ബി) യും | ഉണ്ട്. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ സഞ്ചരിക്കുന്ന റേഷൻകട 14.07.17 മുതൽ തൃശ്ശൂർ താലൂക്കിൽ ആരംഭിച്ചു. ചാലക്കുടി താലൂക്കിലെ ആദിവാസി കോളനികളിലെ 296 കുടുംബങ്ങൾക്ക് റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ മാസത്തിൽ 2 ദിവസം അർഹതപ്പെട്ട റേഷൻ സാധനങ്ങൾ എത്തിക്കുന്ന പദ്ധതി 29.03.2018 മുതൽ ആരംഭിച്ചു. ഇക്കാര്യത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന് പുറമേ പട്ടിക വർഗ്ഗ വകുപ്പ്, വനം വകുപ്പ് എന്നീ വകുപ്പുകളുടെ ജീവനക്കാരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാകുന്നുണ്ടോ എന്നും മാസത്തിൽ രണ്ട് തവണ ആദിവാസി ഊരുകളിൽ പോയി ഭക്ഷ്യധാന്യം വിതരണം ചെയ്യണം എന്നുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇവർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ; | | |
| (സി) | സഞ്ചരിക്കുന്ന റേഷൻ കട എന്ന ആശയം പരാജയപ്പെടുത്തുന്നതിന് റേഷൻ കടക്കാരുടെ ശ്രമം നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുമോ ? | (സി) | ഇല്ല. |

*സെക്ഷൻ ഓഫീസർ*